**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 29**

**03.02.2020 ൽ മറുപടിക്ക്**

# പോലീസ് സ്റ്റേഷനുകളുടെ ആധുനികവത്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. സി.കെ. ആശ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ വിജയൻ<br>ശ്രീ. ജി.എസ്. ജയലാൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നുചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ഏത് സമയത്തും ആർക്കും നിർഭയം കടന്നു ചെല്ലാവുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുൻകൈ എടുത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഇപ്പോൾ ജനമൈത്രി കേന്ദ്രങ്ങളാണ്.<br>ഇതിനുപുറമേ പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, പി.ആർ.ഒ സിസ്റ്റം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരെ നിയമിച്ചും പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദപരമാക്കിയും മറ്റും, പോലീസ് സ്റ്റേഷനുകളിൽ ആർക്കും നിർഭയം കടന്നു ചെല്ലുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് നിർമ്മിച്ച അത്യാധുനിക പോലീസ് | ബി) അത്യാധുനിക സൗകര്യങ്ങളുള്ള പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ റും, |

| | |
|---|---|
| സ്റ്റേഷനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | എസ്.എച്ച്.ഒ.യുടെ റൂം, സ്റ്റേഷൻ റൈറ്റർമാരുടെ റൂം, ക്രൈം വിംഗിനും, ലോ ആന്റ് ഓർഡർ വിംഗിനും പ്രത്യേക മുറികൾ, പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി റാമ്പ്, സന്ദർശകർക്കുള്ള ശുചിമുറി, സ്ത്രീ സൗഹൃദ സൗകര്യമുണ്ടാക്കുന്നതിലേയ്ക്കായി പ്രത്യേക മുറി, സ്ത്രീകൾ, ട്രാൻസ് ജെൻഡേഴ്സ്. പുരുഷൻമാർ എന്നിവർക്ക് പ്രത്യേക ലോക്കപ്പും ശുചിമുറിയും, ആധുനിക സൗകര്യങ്ങളോടുകൂടിയ വിസിറ്റേഴ്സ് ലോഞ്ച്, ലൈബ്രറി, റിക്കാർഡ് റൂം, ഫസ്റ്റ് എയ്ഡ് റൂം, സി.സി.ടി.എൻ.എസ് റൂം, ആയുധങ്ങൾ സൂക്ഷിക്കാൻ മുറി, ചോദ്യം ചെയ്യൽ മുറി, ഓഫീസർമാർ/സ്ത്രീ ജീവനക്കാർ/പുരുഷ ജീവനക്കാർ എന്നിവർക്ക് പ്രത്യേക റെസ്റ്റ് റൂം, വയർലെസ് റൂം, സ്റ്റോർ റൂം, കമ്മ്യൂണിറ്റി പോലീസിംഗ് റൂം, ഡൈനിംഗ് ഏരിയ, സ്റ്റേഷൻ മോടി പിടിപ്പിക്കുന്നതിനായി കോമൺ കളർ കോഡിൽ ഉള്ള പെയിന്റിംഗ് എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. |
| സി) പോലീസ് സ്റ്റേഷനുകളിൽ എല്ലാ ജീവനക്കാർക്കും സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും ഒരുക്കുമോയെന്ന് വെളിപ്പെടുത്താമോ; | സി) എല്ലാ ജീവനക്കാർക്കും, സന്ദർശകർക്കും ആവശ്യമായ ഇരിപ്പിടങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും പോലീസ് സ്റ്റേഷനുകളിൽ ഒരുക്കിയിട്ടുണ്ട്. |
| ഡി) പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പരമ്പരാഗത ശൈലിയിൽ നിന്ന് വ്യത്യസ്തമായി മോടിയുള്ള കെട്ടിടങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) സർക്കാർ ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ ആധുനികരീതിയിൽ മാറ്റിയെടുക്കുന്നതിനും ഇരിപ്പിട സൗകര്യങ്ങൾ, ശുചിമുറി, വിശ്രമ മുറി, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ